# മുഴുവൻ വളരുംമുമ്പ്

ചുണ്ടിൽ നിന്നും
പാൽമണം മുഴുവനായും മായും മുമ്പ്
മുഖം നിറയെ
കനത്ത രോമങ്ങൾ തടം വെക്കും മുമ്പ്
നോട്ടങ്ങൾ
പെൺകുട്ടികളുടെ ശരീരവടിവിലേക്കു
കേന്ദ്രീകരിക്കപ്പെടും മുമ്പ്
മനസ്സിൽ നിന്ന്
കൊച്ചുകാറുകളും ഓട്ടോറിക്ഷകളും
കോലുമിട്ടായികളും
പിൻവാങ്ങും മുമ്പ്
ശരീരത്തിൽനിന്ന് കുട്ടിവിയർപ്പു മണം വറ്റുംമുമ്പ്
നിന്റെ കവിളിൽ വീണ്ടും വീണ്ടും ഉമ്മവെക്കണം.

ആ ഉമ്മകൾ
നീയൊരു അണുപ്രായമായി കിടന്നിരുന്ന
എന്റെ ഉദരത്തിലേക്കും
കുഞ്ഞു കൈകാലുകളിട്ടടിച്ചിരുന്ന
എന്റെ മടിയിലേക്കും
തോളിൽ കിടക്കവേ
ഉറക്കത്തിൽ നീയൊലിപ്പിച്ചിരുന്ന
പാൽ ബാക്കികളിലേക്കും
മെലിഞ്ഞ വിരലുകളാൽ നീ അമർത്തിപ്പിടിച്ചിരുന്ന
എന്റെ കൈകളിലേക്കും
നിന്റെ ഓർമ്മകളെ കൊണ്ടുപോകുമോ, അറിയില്ല.

നീയിപ്പോൾ എത്ര വലുതായി!
നിനക്കായ് ഞാൻ

കരുതി ഒരുക്കിയിരുന്ന അത്ഭുതങ്ങൾക്കും
നാമൊരുമിച്ചു ചിരിച്ച അർത്ഥമില്ലായ്മകൾക്കും മീതെയായി.
മുഖമുയർത്തി, കണ്ണുയർത്തി നോക്കണം നിന്നെ.
എളുപ്പത്തിൽ നിനക്കെന്നെ പൊക്കിയെടുത്തു
വട്ടം കറക്കാമെന്നായി!
പണ്ടു ഞാൻ നിന്നെ ചെയ്തിരുന്നപോലെ
ഇപ്പോൾ കുടുകുടെ ചിരിക്കുന്നത് ഞാനാണ്.
അധികം വൈകാതെ
മറ്റൊരുവൾ നിന്നെ തീവ്രമായി ചുംബിച്ചെന്നുവരും
അധികം വൈകാതെ നീയുമൊരു പുരുഷനാവും
അധികം വൈകാതെ നമ്മുടെ ലോകങ്ങൾ രണ്ടാവും
അപ്പോൾ നീയീ ഉമ്മകളൊന്നുമോർക്കണമെന്നില്ല

പക്ഷേ,
നിന്റെ പാദങ്ങൾ ചിലപ്പോൾ
വഴി തെറ്റി നീങ്ങും മുമ്പ്
നിന്റെ ചിന്തകളിൽ
ഒരു ചെകുത്താൻ ചിരിക്കും മുമ്പ്
നിന്റെ കൈകൾ ആയുധത്തെ
കൊതിക്കും മുമ്പ്
അറിയാതെ നിന്റെ വിരലുകൾ
ഏതോ ഓർമ്മയിൽ എന്റെ ഉമ്മ നനച്ച
നിന്റെ കവിളു തൊട്ടുപോയേക്കാം
അന്നേരം വിരൽത്തുമ്പിൽ
ഒരു തണുപ്പു പടർന്നേക്കാം
അപ്പോൾ നീയൊന്നു ശങ്കിച്ചേക്കാം.
തെല്ലിട നിന്നേക്കാം
തിരിഞ്ഞൊന്നു നോക്കിയേക്കാം
പഴയ ഉമ്മകൾക്കത്രയേ പറ്റൂ...

*****